പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6449 — 21.11.2019 ൽ മറുപടിക്ക്

# റെയിൽവേ വികസന പദ്ധതികളോടുള്ള കേന്ദ്ര സർക്കാർ സമീപനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ<br>,, കെ.സി.ജോസഫ്<br>,, റോജി എം. ജോൺ<br>,, കെ.എസ്.ശബരീനാഥൻ | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) റെയിൽവേ പദ്ധതികൾ യഥാസമയം നടപ്പിലാക്കുവാനായി സതേൺ റെയിൽവേ തിരുവനന്തപുരം, പാലക്കാട് ഡിവിഷനുകൾ ചേർത്ത് എറണാകുളം ആസ്ഥാനമാക്കി ഒരു പെനിൻസുലാർ സോൺ രൂപീകരിക്കണമെന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;<br><br>(ബി) ഇതിന്മേലുള്ള കേന്ദ്ര പ്രതികരണം എന്താണെന്ന് വ്യക്തമാക്കുമോ;<br><br>(സി) സംസ്ഥാനത്തെ റെയിൽവേ വികസന പദ്ധതികളോട് കേന്ദ്ര സർക്കാർ വിവേചനം കാണിക്കുന്നുവെന്ന ആക്ഷേപം വസ്തുതാപരമാണോ; വിശദാംശം നൽകുമോ; | (എ) യും (ബി) യും (സി) യും<br>ചെന്നൈ ആസ്ഥാനമായി മാത്രം സോണൽ ഓഫീസ് ഉള്ളതിനാൽ കേരളത്തിന്റെ പ്രധാന റെയിൽവേ പദ്ധതികൾ ദീർഘകാലമായി നീണ്ടു പോകുന്ന സാഹചര്യത്തിൽ കേരളത്തിന് മാത്രമായൊരു റെയിൽവേ സോൺ, ആവശ്യപ്പെട്ടിട്ടുണ്ട്. യഥാകാലം പദ്ധതികൾ നടപ്പിലാക്കുന്നതിനായി സതേൺ റെയിൽവേയുടെ തിരുവനന്തപുരം - പാലക്കാട് ഡിവിഷനുകളെ ചേർത്ത് എറണാകുളം ആസ്ഥാനമായി ഒരു പെനിൻസുലാർ സോൺ രൂപീകരിക്കുന്ന വിഷയവും കേന്ദ്ര സർക്കാരിന് മുമ്പാകെ ഉന്നയിച്ചിട്ടുണ്ട്. പെനിൻസുലാർ സോണിൽ കന്യാകുമാരി മുതൽ മംഗലാപുരം വരെയുള്ള റെയിൽവേയുടെ ഭാഗങ്ങൾ ഉൾപ്പെടുത്താവുന്നതാണെന്നും ഈ സോണിന്റെ ആസ്ഥാനത്തിനായി എറണാകുളത്തെ ഹൈക്കോർട്ടിന് സമീപമുള്ള റെയിൽവേ വക 42 ഏക്കർ ഭൂമി വിനിയോഗിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഒരു പ്രത്യേക സോൺ രൂപവൽകരിക്കാനുള്ള സ്ഥിതി വിശേഷം ഇപ്പോൾ ഇല്ല എന്ന തീരുമാനമാണ് കേന്ദ്രസർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടുള്ളത്. അനുകൂല നിലപാട് കൈക്കൊള്ളണമെന്ന് അവശ്യപ്പെട്ട് 10.07.2019 ന് റെയിൽവേയുടെ ചുമതലയുള്ള മന്ത്രി കേന്ദ്ര റെയിൽവേ മന്ത്രിക്ക് വീണ്ടും കത്ത് അയച്ചിട്ടുണ്ട്. അനുകൂല തീരുമാനം പ്രതീക്ഷിക്കുന്നു. |
| (ഡി) വിഴിഞ്ഞം ഇന്റർനാഷണൽ തുറമുഖ വികസനത്തിന്റെ ഭാഗമായി തിരുവനന്തപുരം- കന്യാകുമാരി ലൈനിൽ വിഴിഞ്ഞം-ബാലരാമപുരം പുതിയ ബ്രോഡ്ഗേജ് ലൈൻ നിർമ്മാണ പദ്ധതി ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കുമോ;<br><br>(ഇ) പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ചുമതല സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ? | (ഡി) യും (ഇ) യും<br>വിഴിഞ്ഞം സീപോർട്ട്- ബാലരാമപുരം റെയിൽ ലിങ്കിന്റെ വിശദമായ പദ്ധതി റിപ്പോർട്ട് കൊങ്കൺ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് (കെ.ആർ.സി.എൽ) സമർപ്പിച്ചിട്ടുള്ളതും ആയത് സംസ്ഥാനതല കമ്മിറ്റി പരിശോധിച്ച് ദക്ഷിണറെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. റെയിൽവേയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി തുറമുഖ വകുപ്പ് സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ